**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 895** — **06-10-2021 - ൽ മറുപടിയ്ക്ക്**

**പുഴയോര സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എം.സച്ചിൻദേവ് | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പുഴയോരങ്ങൾ സംരക്ഷിക്കുന്നതിനും വനവൽക്കരണം സാധ്യമാക്കുന്നതിനുമായി സംസ്ഥാന സോഷ്യൽ ഫോറസ്ട്രി വിഭാഗം എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിവരുന്നത് എന്നറിയിക്കാമോ; | (എ) | നിലവിൽ ഫണ്ടിന്റെ  ലഭ്യത അനുസരിച്ച് മുളംതൈകൾ വളർത്തിയെടുത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ജില്ലാ ഭരണകൂടം, വിദ്യാർത്ഥികൾ തുടങ്ങിയവയുമായി ചേർന്ന് വനേതര പ്രദേശങ്ങൾ ഉൾപ്പടെ പുഴയോരങ്ങളിൽ മുളം തൈ നട്ട് പിടിപ്പിച്ച് വരുന്നുണ്ട്. |
| (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ പുഴയോര സംരക്ഷണത്തിനായി മുളകൾ വച്ചുപിടിപ്പിക്കുന്ന പ്രത്യേക പദ്ധതികൾ നിലവിൽ നടപ്പിലാക്കിവരുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മുളങ്കാട്ടുകളുടെ സംരക്ഷണത്തിനായി പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. എന്നാൽ ഹരിതകേരളം പദ്ധതിയോടനുബന്ധിച്ച് മുളം തൈകൾ തയ്യാറാക്കി വിതരണം ചെയ്യുകയും; വകുപ്പ് നേരിട്ടും, സ്വയംഭരണ സ്ഥാപനങ്ങൾ, ഹരിതകേരള മിഷൻ എന്നിവയുമായി സംയുക്തമായും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നട്ട് പിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പത്തനംതിട്ട ജില്ലയിൽ പമ്പാനദിയുടെ തീരത്ത് 2019-20, 2020-21 വർഷങ്ങളിൽ ഒരുലക്ഷത്തോളം മുളംതൈകൾ നട്ടുപിടിപ്പിച്ചിട്ടുണ്ട്. |
| (സി) | ബാലുശ്ശേരി മണ്ഡലത്തിലെ മണപ്പുഴ, രാമൻപുഴ എന്നിവ സംരക്ഷിക്കുന്നതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ മുളകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | (സി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് മണപ്പുഴ, രാമൻപുഴ എന്നിവ സംരക്ഷിക്കുന്നതിനായി മുളകൾ വച്ചുപിടിപ്പിക്കുന്നതിന് നിലവിൽ പദ്ധതി ഇല്ല. |

സെക്ഷൻ ഓഫീസർ